"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം- ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എൻജിനീയർ ആയ ശ്രീ. സജീവ് കെ. കെ. യുടെ മെഡിക്കൽ റീ ഇംബഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ്**

**സ.ഉ.(സാധാ) നം.2023/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/09/2019

---

പരാമർശം:- 1. ശ്രീ. സജീവ് കെ. കെ. സമർപ്പിച്ച 02.05.2016 ലെ മെഡിക്കൽ റീഇംബഴ്സ്മെന്റ് അപേക്ഷ.

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.10.2016, 23.10.2017, 11.01.2019 തീയതികളിലെ ഇ17-6968/16/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

3. പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ 08.11.2018 ലെ സി3/1293/2018 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിൽ മുതുതല ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ ആയ ശ്രീ. സജീവ് കെ. കെ., ടിയാന്റെ ചികിത്സയ്ക്ക് പെരിന്തൽമണ്ണ ഇ. എം. എസ്. മെമ്മോറിയൽ ആശുപത്രിയിൽ ചിലവായ ₹ 99,884/- (തൊണ്ണൂറ്റി ഒൻപതിനായിരത്തി എണ്ണൂറ്റി എൺപത്തി നാല് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരാമർശം 2 കത്തുകൾ പ്രകാരം ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീ. സജീവ് കെ. കെ. യുടെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക ₹45,975/-(നാല്പത്തി അയ്യായിരത്തി തൊള്ളായിരത്തി എഴുപത്തി അഞ്ച് രൂപ മാത്രം) ആണെന്ന് പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ വകുപ്പിൽ മുതുതല ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ ആയ ശ്രീ. സജീവ് കെ. കെ. യുടെ ചികിത്സയ്ക്ക് പെരിന്തൽമണ്ണ ഇ. എം. എസ്. മെമ്മോറിയൽ ആശുപത്രിയിൽ ചിലവായ തുകയിൽ പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 80% ആയ ₹ 36780/- (മുപ്പത്തി ആറായിരത്തി എഴുന്നൂറ്റി എൺപത് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. മേൽ തുക 2515-00-001-92-01" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ചിലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗോപകുമാർ യു**
**അണ്ടർ സെക്രട്ടറി**

1. ശ്രീ. സജീവ് കെ. കെ., അസിസ്റ്റന്റ് എൻജിനീയർ (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

   (ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ്(30.08.2019 ലെ 1242772/L3/390/2019-FIN പ്രകാരം)
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ